**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2068** **21-06-2024 - ൽ മറുപടിയ്ക്ക്**

**കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ മണ്ണിടിച്ചിൽ സാധ്യതയുള്ളതായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കണ്ടെത്തിയ പ്രദേശങ്ങളിൽ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാ പഠനം നടത്തുന്നതിന് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ആവശ്യപെട്ടിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഇക്കാര്യത്തിൽ സന്നദ്ധത അറിയിച്ചിട്ടുണ്ടോയെന്നും പഠനം ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (ബി) | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യത പഠനം (Micro Zonation study) 2024-25 ലെ ഫീൽഡ് സീസൺ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയതായും പ്രാഥമിക നടപടികൾ ആരംഭിച്ചതായും ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട് . |
| (സി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശക സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില പ്രദേശങ്ങളിൽ നിർമ്മാണങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസം കണക്കിലെടുത്ത് ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കുന്ന പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ